SSG 2/35/2018-TC

Office of the Transport Commissioner, Kerala
Thiruvananthapuram-69501
20/08/ 2022

**Online Learners License Test - Additional Instructions issued to all Licencing Authorities of the state of Kerala to be followed from 22-08-2022**

22-08-2022 മുതൽ കേരളത്തിൽ ഓൺലൈൻ ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് Physical appearance മോഡിലേക്ക് മാറുന്ന തീരുമാനം എടുത്തിട്ടുള്ളതും ആയതിനുള്ള നിർദ്ദേശം 03/08/2022 തീയതിയിലെ കത്ത് നം. SSG 2/35/2018-TC പ്രകാരം യഥാവിധി എല്ലാവരെയും അറിയിച്ചിട്ടുള്ളതുമാണ്. MVD വെബ്സൈറ്റിൽ ഇത് ലഭ്യവുമാണ്, (mvd.kerala.gov.in ->downloads ->Directions TAB - ല്). ടി തീരുമാനം നടപ്പിലാക്കുന്നതിനുള്ള അധിക നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. എല്ലാ ലൈസെൻസിംഗ് അതോറിറ്റിമാരും (RTO/Jt.RTO) അവരവരുടെ **Sarathi** ലോഗിൻ ID-യിൽ പ്രവേശിച്ച് Switch to SLOTS window -യിൽ RTO customization-ൽ അതാതു ഓഫീസുകളിൽ സാധാരണ ലേണേഴ്സ് ലൈസൻസ് നടത്തുന്ന ആഴ്ച ദിവസങ്ങൾ, പരീക്ഷ സ്ലോട്ട് എന്നിവ സെറ്റ് ചെയ്യേണ്ടതാണ്. ആവശ്യമെങ്കിൽ SARATHI ടീം അംഗങ്ങളുടെയോ കമ്മീഷണറേറ്റിലെ SSG ഉദ്യോഗസ്ഥരുടെയോ സഹായം തേടാവുന്നതാണ്. (step by step procedure is available @ ll coustamisation.pdf )

2. സ്ലോട്ടിന്റെ (തീയതി, സമയം) അടിസ്ഥാനത്തിൽ ഓഫീസിൽ ലേണേഴ്സ് ലൈസൻസിനായി എത്തുന്ന അപേക്ഷകരുടെ ടെസ്റ്റ് നടത്തേണ്ടതാണ്. ഇതിനായി 20-08-2022 നു തന്നെ ലേണേഴ്സ് ലൈസൻസ് holiday setting നടത്തേണ്ടതാണ്. 22-08-2022 നു ശേഷം ടെസ്റ്റ് ഡേറ്റ് എടുത്തവരുടെ ടെസ്റ്റ് ഡേറ്റ് അതാതു ഓഫീസുകളിൽ ലേണേഴ്സ് ലൈസൻസ് നടത്തുന്ന തൊട്ടടുത്ത ദിവസത്തേക്ക് ആവശ്യമെങ്കിൽ മാറ്റി നൽകാവുന്നതാണ്. ഈ സമയം പുതിയ ടെസ്റ്റ് ഡേറ്റ് സമയം, തീയതി എന്നിവ നിലവിൽ ടെസ്റ്റ് ഡേറ്റ് എടുത്തവർക്ക് sms ആയി പോകുകയും ആയതു പുതിയ ടെസ്റ്റ് ഡേറ്റിനു വേണ്ടി പ്രിന്റ് എടുക്കുന്ന Attendance ഷീറ്റിൽ വരുന്നതുമാണ്. ഇക്കാര്യം ഓരോ ഓഫീസ് മേലധികാരികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതും പരാതിക്ക് ഇട നൽകാതെ ഉചിതമായ തീയതി നിശ്ചയിച്ചു നൽകേണ്ടതുമാണ്.

3. അപേക്ഷകളിൽ തെറ്റോ തിരുത്തലോ ഉണ്ടെങ്കിൽ പരാതിയുണ്ടാകാതെ നിയമാനുസരണം ഉചിത നടപടി സ്വീകരിക്കേണ്ടതാണ്.

4. scrutiny കഴിയുന്ന ശരിയായ അപേക്ഷകരെ ടെസ്റ്റിൽ പങ്കെടുപ്പിക്കേണ്ടതും അവർക്ക് വേണ്ട PIN number generate ചെയ്യേണ്ടതുമാണ്. അപേക്ഷകന് മൊബൈൽ ഫോണിൽ ലഭിക്കുന്ന Password -നോട് ഒപ്പം ഇങ്ങനെ ലഭിക്കുന്ന PIN number കൂടി ഉപയോഗിച്ചാണ് ടെസ്റ്റിൽ പങ്കെടുക്കേണ്ടത്. ഈ സംവിധാനം AMVI/ MVI മുമ്പാകെ അപേക്ഷകൻ പരീക്ഷയിൽ പങ്കെടുക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നു.

5. തുടക്കത്തിൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും (ബുധനാഴ്ച ഒഴികെ) ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് നടത്താവുന്നതാണ്. ഓരോ ഓഫീസിലും സൗകര്യപ്രദമായ ലേണേഴ്സ് ലൈസൻസ് തീയതി ഓരോ RTO (RTO/Jt.RTO) അതോറിറ്റികൾക്ക് തീരുമാനിക്കാവുന്നതും ആവശ്യമായ അത്രയും സ്ലോട്ടുകളും സമയവും ഉചിതമായി നിശ്ചയിക്കാവുന്നതുമാണ്.

6. കമ്പ്യൂട്ടറുകളുടെ അപര്യാപ്തത മൂലം ബുദ്ധിമുട്ട് അനുഭവപ്പെടുകയാണെങ്കിൽ രാവിലെ 8 മണി മുതൽ 10 മണി വരെ ഓഫീസിൽ നിലവിലുള്ള മറ്റ് കമ്പ്യൂട്ടറുകൾ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

7. എല്ലാ ദിവസവും ലേണേഴ്സ് ലൈസൻസ് പരീക്ഷക്ക് വരുന്നവരുടെ ലിസ്റ്റ് **Sarathi** യിൽ നിന്നും പ്രിന്റ് എടുത്തു വക്കേണ്ടതും അതിൽ വരുന്നവരുടെ attendance രേഖയായി അവരുടെ ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്. ഈ രേഖകൾ റൂൾസ് ഫോർ ദി ഡിസ്പോസൽ ഓഫ് ദി റിക്കാർഡിൽ പറയുന്ന പോലെ സൂക്ഷിച്ച് വക്കേണ്ടതാണ്.

8. 20/08/2022 തീയതി വൈകുന്നേരത്തിന് മുമ്പായി customization of Sarathi software / ICT (കമ്പ്യൂട്ടർ) മറ്റ് അനുബന്ധ ഉപകരണങ്ങളുടെ ലഭ്യത എന്നിവ ഓരോ ആർടിഒ അതോറിറ്റിമാരും ((RTO/Jt.RTO) ഉറപ്പുവരുത്തേണ്ടതാണ്.

9. ആധാർ Authentication & ബയോ മെട്രിക് Authentication എത്രയും വേഗം വകുപ്പ് നടപ്പിലാക്കുന്നതാണ്. അതിനുള്ള അടിയന്തിര നടപടികൾ sarathi ടീം / SSG സെൽ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ട്രാൻസ്പോർട്ട്കമ്മിഷണർ